LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി പ്രീ-മെട്രിക് ഹോസ്റ്റൽ

68(2927) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവ. ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ 46 സെന്റ് സ്ഥലം, ഉടമസ്ഥാവകാശം വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിലനിർത്തി, പട്ടികവർഗ്ഗ വിഭാഗക്കാരായ പെൺകുട്ടികൾക്കായി ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായുള്ള അനുമതിക്കായി വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ വർഷങ്ങൾ പിന്നിട്ടിട്ടും നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പരിശോധിച്ച് വരികയാണ്.

പാഠപുസ്തക അച്ചടി

69(2928) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാഠപുസ്തക അച്ചടി കെ.ബി.പി.എസ്. പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

പൂർത്തീകരിച്ചിട്ടുണ്ട്. സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്. അധികമായി ആവശ്യമുള്ള പുസ്തകങ്ങൾക്കുള്ള ഇൻഡന്റ് 7-12-2015-നകം നൽകുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നു.

പാഠപുസ്തക വിതരണം

70(2929) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തക വിതരണം പൂർത്തീകരിച്ചോ; ഇപ്പോഴും പുസ്തകം വിതരണം നടന്നിട്ടില്ലെന്നുള്ള കാര്യം ശരിയാണോ; ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുള്ളതായി കരുതുന്നുണ്ടോ;